സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട് കവടിയാർ.പി.ഒ തിരുവനന്തപുരം 695003, e-Mail : devaswomaccountsofficer@gmail.com

ഡി.എ.നം. 195/25/B4 ദേവസ്വം അക്കൗണ്ട്സ് ആഫീസ്

തീയതി: 14.08.2026

## സർക്കുലർ

**വിഷയം : GST തുകകൾ B2C ആയി ഫയൽ ചെയ്തത് B2B –യിലേക്ക് ഭേദഗതി ചെയ്യുന്ന സംഗതി സംബന്ധിച്ച്.**

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വിവിധ ഓഫീസുകൾ ഇടപാടുകാരിൽ നിന്നും സ്വരൂപിക്കുന്ന GST തുകകൾ ഒടുക്ക് വരുത്തി ചെല്ലാനും സ്റ്റേറ്റ്മെന്റും സഹിതമുള്ള റിപ്പോർട്ട് ഈ ഓഫീസിന് ലഭ്യമാക്കിവരുന്നതും പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ GST ഫയലിങ് നിർവ്വഹിക്കുന്നതുമാകുന്നു.

ഇപ്രകാരം ഈ ഓഫീസിലേക്ക് ലഭ്യമാക്കിയ 2025-26 സാമ്പത്തിക വർഷത്തിലെ സ്റ്റേറ്റ്മെന്റുകളിൽ ഉൾപ്പെടുന്ന ഇടപാടുകളിൽ ഏതെങ്കിലും B2C -യിൽ നിന്നും B2B -യിലേക്ക് ഭേദഗതി ചെയ്യേണ്ടതായിട്ടുണ്ടെങ്കിൽ താഴെപറയുന്ന മാതൃകയിൽ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ആഗസ്റ്റ് 31 വൈകുന്നേരം 5 മണിക്ക് മുൻപായി ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ഇനം | ഇടപാടുകാരന്റെ /സ്ഥാപനത്തിന്റെ പേര് (ആ ഓഫീസിൽ നിന്നും നൽകിയ B2B ഇൻവോയിസ് നമ്പരും തീയതിയും കൂടി ഉൾപ്പെടുത്തുക) | ഇടപാടുകാരന്റെ /സ്ഥാപനത്തിന്റെ GST രജിസ്ട്രേഷൻ നമ്പർ | GST തുക | ചെല്ലാൻ നമ്പർ, അടച്ച തീയതി | റിമാർക്സ് (ആ ആഫീസിൽ നിന്നും B2C ആയി ലഭ്യമാക്കിയ റിപ്പോർട്ടിന്റെ OUTWARD നമ്പറും തീയതിയും) |
|---|---|---|---|---|---|---|
| | | | | | | |

കൂടാതെ മേൽപ്പറഞ്ഞ കാലയളവിൽ GST രജിസ്ട്രേഷൻ നമ്പർ ഹാജരാക്കിയ ഇടപാടുകാർക്ക് ഇൻപുട്ട് ടാക്സ് ക്രഡിറ്റ് ലഭിച്ചിട്ടുണ്ടോ എന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തേണ്ടതും ലഭിക്കാത്തപക്ഷം അക്കാര്യം മേൽപ്പറഞ്ഞ സമയ പരിധിക്കുള്ളിൽ തന്നെ ഈ ഓഫീസിനെ അറിയിക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ സമയപരിധി കഴിഞ്ഞുലഭിക്കുന്ന ഒരു റിപ്പോർട്ടുകളും സ്വീകരിക്കുന്നതല്ല എന്നും ഈ അവസരം പ്രയോജനപ്പെടുത്താത്തപക്ഷം പ്രസ്തുത കാലയളവിലേക്ക് മറ്റൊരു ഭേദഗതി അനുവദനീയമല്ല എന്നും അതിനാൽ മേൽ വിവരിച്ച പ്രകാരം ഏതെങ്കിലും ഇടപാടുകൾ B2B യിലേക്ക് ഭേദഗതി ചെയ്യേണ്ടതായിട്ടുണ്ടെങ്കിൽ സമയബന്ധിതമായി തന്നെ ഈ ആഫീസിൽ വിവരങ്ങൾ കൈമാറേണ്ടതാണെന്നും ഇക്കാര്യത്തിൽ വീഴ്ച സംഭവിക്കുന്ന പക്ഷം ഇതിന്മേൽ ഇടപാടുകാരനോ ബോർഡിനോ ഉണ്ടാകുന്ന എല്ലാവിധ

നഷ്ടങ്ങൾക്കും മറ്റ് നിയമപരമായ നടപടികൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മാത്രമായിരിക്കും ഉത്തരവാദി എന്നും ഇതോടൊപ്പം അറിയിക്കുന്നു.

ദേവസ്വം അക്കൗണ്ട്സ് ആഫീസർ

പകർപ്പ്,

1) സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2) ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
3) സൂപ്രണ്ട് ഓഫ് പോലീസ്, വിജിലൻസ് ആന്റ് സെക്യൂരിറ്റി ആഫീസ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം).
4) ചീഫ് എഞ്ചിനീയർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം).
5) ലാ ഓഫീസർ തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
6) ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്.
7) ഫൈനാൻസ് ആന്റ് ഇൻസ്പെക്ഷൻ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്.
8) ഡയറക്ടർ, സാംസ്കാരിക പുരാവസ്തു വിഭാഗം, തിരുവിതാംകൂർ ദേവസ്വം ബോർഡ്.
9) എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
10) എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
11) എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല
12) എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
13) ഐ.ടി വിഭാഗം (പ്രസിദ്ധീകരണത്തിനായി)
14) സെക്ഷൻ ഫയൽ